**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ശരീരം- മനസ്സ്- ധനം ഇവയിലൂടെ സത്യമായ ആത്മീയ സേവനം ചെയ്യണം, ആത്മീയ സേവനത്തിലൂടെ തന്നെയാണ് ഭാരതം സ്വർണ്ണിമ യുഗമായി മാറുക.**

**ചോദ്യം :-** നിശ്ചിന്തരായിരിക്കുന്നതിനുവേണ്ടി സദാ ഏത് കാര്യം ഓർമ്മിക്കണം? നിങ്ങൾ എപ്പോൾ നിശ്ചിന്തമാകും?

**ഉത്തരം :-** നിശ്ചിന്തരായിരിക്കുന്നതിനു വേണ്ടി സദാ ഓർമ്മിക്കൂ അതായത് ഈ മുഴുവൻ നാടകവും തികച്ചും കൃത്യമായിട്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ഡ്രാമ അനുസരിച്ച് എന്തെല്ലാം നടന്നുകൊണ്ടിരിക്കുന്നുവോ അത് തികച്ചും ശരിയാണ്. പക്ഷേ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് നിശ്ചിന്തരായിരിക്കുവാൻ കഴിയില്ല, എപ്പോൾ നിങ്ങളുടെ കർമ്മാതീത അവസ്ഥ ഉണ്ടാകുന്നുവോ അപ്പോൾ നിങ്ങൾ നിശ്ചിന്തരാകും. ഇതിന് വളരെ നല്ല യോഗം വേണം. ജ്ഞാനി, യോഗി കുട്ടികൾക്ക് ഒളിഞ്ഞിരിക്കുവാൻ കഴിയില്ല.

**ഓം ശാന്തി.** പതീത-പാവനൻ ശിവ ഭഗവാനു വാച. ബാബ മനസ്സിലാക്കിത്തരുകയാണ് ദേഹധാരിയായ മനുഷ്യനെ ഒരിയ്ക്കലും ഭഗവാനെന്ന് പറയുവാൻ കഴിയില്ല. മനുഷ്യർക്ക് ഇതും അറിയാം, പതീത-പാവനൻ ഭഗവാൻ തന്നെയാണ്. ശ്രീകൃഷ്ണനെ പതീത-പാവനനെന്ന് പറയില്ല. പാവങ്ങൾ വളരെ ആശയക്കുഴപ്പത്തിലാണ്. ഭാരതത്തിൽ എപ്പോഴാണോ ആശയക്കുഴപ്പമുണ്ടാകുന്നത് അപ്പോൾ ശിവബാബയ്ക്ക് വരണം. ബാബയ്ക്കല്ലാതെ മററാർക്കും ഇത് പരിഹരിക്കാൻ കഴിയില്ല. അത് പതീത-പാവനനായ ശിവബാബ തന്നെയാണ്, ആ ബാബയെ കേവലം നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്, അതും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച്. ഇവിടെ ഇരിക്കുന്നുമുണ്ട്, ദിവസവും കേൾക്കുന്നുമുണ്ട് എന്നിട്ടും നമ്മൾ ശിവബാബയുടെ മുന്നിലാണ് ഇരിക്കുന്നത്, ബാബ ബ്രഹ്മാശരീരത്തിൽ ഇരിക്കുന്നുണ്ട്, നമ്മളെ പഠിപ്പിക്കുന്നു, പാവനമാക്കുന്നു, യുക്തി പറഞ്ഞു തരുന്നു, ഇത് ചിന്തയിൽ വരുന്നതേയില്ല.

നിങ്ങൾ സ്വദർശന ചക്രധാരിയായി രചയിതാവിന്റേയും രചനയുടേയും ജ്ഞാനം നേടി കാമവികാരത്തിന്റെ മേൽ വിജയം നേടി ജഗത്ജീത്താകുന്നു. അതിനാൽ ബാബ പതീത- പാവനനുമാണ്. പുതിയ സൃഷ്ടിയുടെ രചയിതാവുമാണ്. ഇപ്പോൾ പരിധിയില്ലാത്ത രാജ്യം നേടുന്നതിനു വേണ്ടി നിങ്ങൾ പുരുഷാർത്ഥം ചെയ്യൂ. ഓരോരുത്തരും മനസ്സിലാക്കുന്നുണ്ട് നമ്മൾ ശിവബാബയിൽ നിന്ന് രാജ്യഭാഗ്യം എടുത്തുകൊണ്ടിരിക്കുന്നു. ഇതുപോലും യഥാർത്ഥ രീതിയിൽ മനസ്സിലാക്കുന്നതേയില്ല. ചിലർ കുറച്ച് അറിയുന്നു, ചിലർ തികച്ചും അറിയുന്നതേയില്ല. ശിവബാബ പറയുന്നു പതീത-പാവനൻ ഞാനാണ്. എന്നോട് ആരെങ്കിലും ചോദിക്കുന്നുവെങ്കിൽ ഞാൻ എന്റെ പരിചയം നൽകും. നിങ്ങൾക്കും ബാബ തന്റെ പരിചയം നൽകിയല്ലോ. ശിവബാബ പറയുന്നു, ഞാൻ സാധാരണ ശരീരത്തിൽ പ്രവേശിക്കുന്നു. ഇത് സാധാരണ ശരീരമാണ്. വൃക്ഷത്തിന്റെ അന്തിമത്തിലാണ് നിൽക്കുന്നത്. പതീത ലോകത്തിൽ നിൽക്കുന്നു, പിന്നീട് താഴെ തപസ്സും ചെയ്തുകൊണ്ടിരിക്കുന്നു. ഈ ബ്രഹ്മാവിനു പോലും തപസ്സ് ശിവബാബയാണ് പഠിപ്പിക്കുന്നത്. രാജയോഗം ശിവബാബയാണ് പഠിപ്പിക്കുന്നത്. താഴെ ആദിദേവൻ, മുകളിൽ ആദിനാഥൻ. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ കഴിയും ഞങ്ങൾ ബ്രാഹ്മണർ ശിവബാബയുടെ സന്താനങ്ങളാണ്. അതുപോലെ നിങ്ങളും ശിവബാബയുടെ സന്താനങ്ങളാണ്, പക്ഷേ നിങ്ങൾ അത് അറിയുന്നില്ല. ഭഗവാൻ ഒന്നേയുള്ളൂ ബാക്കിയെല്ലാവരും സഹോദരങ്ങളാണ്. ബാബ പറയുന്നു ഞാൻ എന്റെ കുട്ടികളെയാണ് പഠിപ്പിക്കുന്നത്. ആരാണോ ബാബയെ തിരിച്ചറിഞ്ഞത് അവരെ പഠിപ്പിച്ച് ദേവതയാക്കുന്നു. ഭാരതം സ്വർഗ്ഗമായിരുന്നു, ഇപ്പോൾ നരകമായി. ആരാണോ കാമവികാരത്തിന്റെ മേൽ വിജയം നേടുന്നത് അവർ ജഗത്ജീത്താകും. ബാബ സ്വർണ്ണിമ ലോകത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. അനേക പ്രാവശ്യം ഈ ഭാരതം ഗോൾഡൻ ഏജായിരുന്നു പിന്നീട് അയൺ ഏജിലേയ്ക്ക് വന്നു - ഇത് ആരും അറിയുന്നില്ല. രചയിതാവിനേയും, രചനയുടെ ആദി- മദ്ധ്യ- അന്ത്യത്തേയും ആരും അറിയുന്നില്ല. ബാബ ജ്ഞാന സാഗരനാണ്. ബാബ ബ്രഹ്മാവിന്റെ സാധാരണ ശരീരത്തിൽ പ്രവേശിച്ച് ജ്ഞാനം നൽകുന്നു. ഇപ്പോൾ നിങ്ങളും പവിത്രമാകൂ. ഈ വികാരങ്ങളെ ജയിക്കുന്നതിലൂടെ നിങ്ങൾ ജഗത്ജീത്താകും. എല്ലാ കുട്ടികളും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ശരീരം- മനസ്സ്- ധനം ഇവയിലൂടെ ആത്മീയ സേവനം ചെയ്തുകൊണ്ടിരിക്കുന്നു, ഭൗതീക സേവനമല്ല. ഇത് ഭക്തിയല്ല, ഇതിനെ ആത്മീയ ജ്ഞാനമെന്ന് പറയുന്നു. ഭക്തിയുടെ യുഗം ദ്വാപര - കലിയുഗങ്ങളാണ്, അതിനെ ബ്രഹ്മാവിന്റെ രാത്രിയെന്നും, സത്യ- ത്രേതാ യുഗങ്ങളെ ബ്രഹ്മാവിന്റെ പകലെന്നും പറയുന്നു. ഗീതാപാരായണം ചെയ്യുന്ന ആരെങ്കിലും വരുന്നുവെങ്കിൽ അവർക്കും ഗീതയിൽ തെറ്റ് സംഭവിച്ചുവെന്ന് മനസ്സിലാക്കിക്കൊടുക്കണം . ഗീത ആര് കേൾപ്പിച്ചു,

രാജയോഗം ആര് പഠിപ്പിച്ചു, കാമവികാരത്തിന്റെ മേൽ വിജയം നേടുന്നതിലൂടെ നിങ്ങൾ ജഗത്ജീത്താകും എന്ന് ആരാണ് പറഞ്ഞത് ? ഈ ലക്ഷ്മി – നാരായണനും ജഗത്ജീത്തായല്ലോ. ഇവരുടെ 84–ജന്മങ്ങളുടെ രഹസ്യം മനസ്സിലാക്കിക്കൊടുക്കണം. ആര് തന്നെയായാലും ജ്ഞാനം എടുക്കുന്നതിന് ഇവിടെ വരുക തന്നെ വേണമല്ലോ. ബാബ കുട്ടികളെ പഠിപ്പിക്കുന്നു. പക്ഷേ നിങ്ങളിൽപ്പോലും എല്ലാവരും നന്നായി മനസ്സിലാക്കുന്നതേയില്ല, അതിനാലാണ് പാടുന്നത് കോടിയിലും ചിലർ ..... ബാബ ആരാണ് എങ്ങനെയാണ്, ചിലർ അഞ്ച് ശതമാനം പോലും അറിയുന്നില്ല. നിങ്ങൾ ബാബയെ അറിഞ്ഞ് പൂർണ്ണമായ രീതിയിൽ ഓർമ്മിക്കുന്നു. നിങ്ങൾക്ക് എന്തുകൊണ്ട് ബാബയെ ഓർമ്മിച്ചുകൂടാ? പറയുന്നു ബാബാ ഓർമ്മ വിട്ടുപോയി. നിങ്ങൾക്ക് ബാബയെ ഓർമ്മിക്കുവാൻ കഴിയില്ലേ. ബാബയും മനസ്സിലാക്കുന്നുണ്ട് ഇത് കുറച്ച് പരിശ്രമമുള്ള കാര്യമാണ്, എങ്കിൽപ്പോലും പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നതിനുവേണ്ടി പ്രോൽസാഹിപ്പിക്കുന്നു. ഹേയ്, നിങ്ങളെ ക്ഷീരസാഗരത്തിലേയ്ക്ക് കൊണ്ടുപോകുന്ന, വിശ്വത്തിന്റെ അധികാരിയാക്കുന്ന ആ ബാബയെ മറന്നുപോകുന്നുവോ! മായ തീർച്ചയായും മറപ്പിക്കും. സമയം എടുക്കും. ഏതായാലും മായ മറപ്പിക്കുക തന്നെ ചെയ്യും, അതിനാൽ തണുത്ത് ഇരിയ്ക്കാം, ഇങ്ങനെയാകരുത്. അല്ല, തീർച്ചയായും പുരുഷാർത്ഥം ചെയ്യണം. കാമവികാരത്തിനു മേൽ വിജയം നേടണം. ഒരേയൊരു ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ഏതെങ്കിലും വലിയ ജഡ്ജി വരുകയാണെങ്കിൽ നിങ്ങൾ കുട്ടികളെ ബാബ എങ്ങനെ വിളിക്കുന്നുവോ അതുപോലെ അവരേയും കുട്ടീ എന്നു വിളിക്കുമല്ലോ, എന്തുകൊണ്ടെന്നാൽ ഞാൻ ഉയർന്നതിലും ഉയർന്ന ഭഗവാനാണ്. രാജകുമാരനും– രാജകുമാരിയുമാക്കുന്നതിനു വേണ്ടി ഉയർന്നതിലും ഉയർന്ന പഠിപ്പ് ഞാൻ തന്നെയാണ് പഠിപ്പിക്കുന്നത്. ബാബ പറയുന്നു ഞാൻ ഈ ബ്രഹ്മാവിനെ പഠിപ്പിക്കുന്നു, ഇദ്ദേഹം തന്നെയാണ് പിന്നീട് ശ്രീകൃഷ്ണനാകുന്നത്. ബ്രഹ്മാ–സരസ്വതി ഇവർ പിന്നീട് ലക്ഷ്മി–നാരായണനാകും. ഈ പ്രവൃത്തീമാർഗ്ഗം നടന്നു വരികയാണ്. നിവൃത്തി മാർഗ്ഗത്തിലുള്ളവർക്ക് രാജയോഗം പഠിപ്പിക്കുവാനേ കഴിയില്ല. രാജാവ് –റാണി രണ്ടുപേരും വേണം. സന്യാസിമാർ വിദേശങ്ങളിൽ ചെന്ന് ഞങ്ങൾ രാജയോഗമാണ് പഠിപ്പിക്കുന്നത് എന്നു പറയുന്നു. എന്നിട്ട് അവർ തന്നെ പറയുന്നു സുഖം കാക്ക കാഷ്ഠത്തിന് സമാനമാണ്, പിന്നെ എങ്ങനെ രാജയോഗം പഠിപ്പിക്കും? അതിനാൽ കുട്ടികൾക്ക് കുതിച്ച് വളരണം. പക്ഷേ ഇപ്പോഴും പലരും കുട്ടിയായിത്തന്നെ ഇരിക്കുന്നു, യുവാക്കളാകുന്നില്ല. യുവാക്കളുടെ ധൈര്യം കാണിക്കണം.

ബാബ മനസ്സിലാക്കിത്തരുന്നു ഇത് രാവണ സമ്പ്രദായമാണ്. നിങ്ങൾ വിളിക്കുന്നുണ്ടല്ലോ പതീത – പാവനാ വരൂ എന്ന്. എങ്കിൽ ഇത് പതീത ലോകമാണോ അതോ പാവന ലോകമാണോ? നമ്മൾ നരകവാസിയാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടല്ലോ. എന്താ ഇത് ദൈവീക സമ്പ്രദായമാണോ? രാമരാജ്യമാണോ? നിങ്ങൾ രാവണ രാജ്യത്തിലല്ലേ? ഇപ്പോൾ രാവണ രാജ്യത്തിൽ എല്ലാവരുടേയും ബുദ്ധി ആസുരീയമായി. ഇപ്പോൾ ആസുരീയ ബുദ്ധിയെ ദൈവീക ബുദ്ധിയാക്കുന്നതാരാണ്? ഇങ്ങനെ നാലോ അഞ്ചോ ചോദ്യം ചോദിക്കൂ അപ്പോൾ മനുഷ്യർ ചിന്തിക്കും. ബാബയുടെ പരിചയം കൊടുക്കുക ഇതാണ് നിങ്ങൾ കുട്ടികളുടെ കടമ. വൃക്ഷം പതുക്കെ– പതുക്കെ വലുതാകും. പിന്നീട് വളരെ വലിയ വൃക്ഷമാകും. മായയും വട്ടം കറക്കി പാടെ വീഴ്ത്തുന്നു. ബോക്സിംഗിലും ഒരുപാടുപേർ മരിക്കാറുണ്ട്, ഇവിടെയും വളരെ പേർ മരിക്കുന്നു. വികാരത്തിലേയ്ക്ക് പോയി, മരിച്ചു. പിന്നീട് വീണ്ടും ഒന്നുമുതൽ പുരുഷാർത്ഥം ചെയ്യണം. വികാരം പൂർണ്ണമായും നഷ്ടമുണ്ടാക്കും. ഏതൊരു തുരുമ്പ് ഇളകിപ്പോയി പതീതത്തിൽ നിന്നും പാവനമായോ, അത് സമ്പാദിച്ചതിനെ നഷ്ടമാക്കുന്നു. വീണ്ടും ആദ്യം മുതൽ പരിശ്രമിക്കേണ്ടിവരും. അവരെ അനുവദിക്കരുത് എന്നല്ല. അവർക്ക് മനസില്ലാക്കിക്കൊടുക്കണം എത്രയും ഓർമ്മയുടെ യാത്ര ചെയ്തുവോ, പഠിച്ചുവോ അതെല്ലാം നഷ്ടമായി. പാടെ താഴെ വീണുപോകുന്നു. വീണ്ടും ഇടയ്ക്കിടയ്ക്ക് വീഴുന്നുവെങ്കിൽ പറയണം ഗെററ് ഔട്ട്. ഒന്ന് – രണ്ട് പ്രാവശ്യം നിരീക്ഷിക്കും. രണ്ട് പ്രാവശ്യം മാപ്പ് ലഭിക്കും, പിന്നീട് പ്രതീക്ഷയില്ലാത്ത കേസാകും. പിന്നീട് വരുന്നുവെങ്കിലും തികച്ചും മോശമായ നിലവാരത്തിലായിരിക്കും. അങ്ങനെയല്ലേ താരതമ്യം ചെയ്യാൻ കഴിയുകയുള്ളൂ. ആരാണോ പാടെ കുറഞ്ഞ പദവി നേടുന്നത് അവരെയാണ് പറയുന്നത് താഴ്ന്ന ക്ലാസിലുള്ളവർ. ദാസ – ദാസിമാർ, ചണ്ഡാളൻ, പ്രജകളുടെയും ജോലിക്കാർ, വേലക്കാർ എല്ലാവരും ഉണ്ടാകണമല്ലോ. ബാബ അറിയുന്നുണ്ട് ബാബ ഇവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോ 5000– വർഷത്തിനു ശേഷവും ബാബ പഠിപ്പിക്കുന്നു. ഈ ലോകത്തുള്ളവർ ലക്ഷക്കണക്കിന് വർഷമെന്ന് പറയുന്നു. മുന്നോട്ട് പോകവേ ഇതും പറയുവാൻ തുടങ്ങും ശരിക്കും 5000– വർഷത്തിന്റെ കാര്യമാണ്. ഇത് മഹാഭാരത യുദ്ധം തന്നെയാണ്. പക്ഷേ ഓർമ്മയുടെ യാത്രയിൽ ഇരിക്കുവാനേ കഴിയില്ല. ദിവസങ്ങൾ കഴിയുന്തോറും ഒരുപാട് വൈകിപ്പോകും പാടുന്നുണ്ട് ഒരുപാട് സമയം കഴിഞ്ഞുപോയി കുറച്ച് മാത്രം അവശേഷിക്കുന്നു....... ഇതെല്ലാം ഈ സമയത്തെക്കുറിച്ചാണ്. പാവനമാകുന്നതിന് ബാക്കി കുറച്ച് സമയമേ ഉള്ളൂ. യുദ്ധം മുന്നിൽ നിൽക്കുകയാണ്. സ്വന്തം ഹൃദയത്തോട് ചോദിക്കൂ – നമ്മൾ ഓർമ്മയുടെ യാത്രയിലാണോ? പുതിയ ഒരാൾ വരുമ്പോൾ അവരെക്കൊണ്ട് ഫോം

പൂരിപ്പിക്കണം. ഫോം പൂരിപ്പിച്ചാൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കാം. അഥവാ ആർക്കെങ്കിലും മനസ്സിലാക്കേണ്ടതേയില്ല എങ്കിൽ അവരെക്കൊണ്ട് എന്തിന് ഫോം പൂരിപ്പിക്കണം? അങ്ങനെയുള്ള ഒരുപാട് പേർ വരും. പറയൂ – നിങ്ങൾ ബാബയെ വിളിച്ചിരുന്നല്ലോ – പതീത–പാവനാ വരൂ എന്ന് പറഞ്ഞ്, അതിനാൽ തീർച്ചയായും ഇത് പതീത ലോകമാണ്, വന്ന് ഞങ്ങളെ പാവനമാക്കൂ എന്ന് പറയുന്നത് അതുകൊണ്ടാണ്. പിന്നീട് ചിലർ ബാബയുടേതാകുന്നു, ചിലർ ആകുന്നില്ല. ബാബയ്ക്ക് ഒരുപാട് കത്തുകൾ വരുന്നു, എല്ലാവരും എഴുതുന്നു ശിവബാബ കെയർ ഓഫ് ബ്രഹ്മാവ്. ശിവബാബയും പറയും ഞാൻ ഈ സാധാരണ ശരീരത്തിൽ പ്രവേശിച്ചിരിക്കുന്നു. ബ്രഹ്മാബാബയെ 84 ജന്മങ്ങളുടെ കഥ കേൾപ്പിക്കുന്നു. ബാക്കി ഒരു മനുഷ്യനും രചയിതാവിനേയോ, രചനയുടെ ആദി– മദ്ധ്യ– അന്ത്യത്തേയോ അറിയുന്നില്ല. ഈ ചിത്രങ്ങളെല്ലാം ബാബ ദിവ്യ ദൃഷ്ടിയിലൂടെ തയ്യാറാക്കിച്ചതാണ്.

ബാബ നിങ്ങൾ ആത്മാക്കളെത്തന്നെയാണ് പഠിപ്പിക്കുന്നത്. ആത്മാവ് പെട്ടെന്ന് അശരീരിയാകുന്നു. ഈ ശരീരത്തിൽ നിന്നും വേറിട്ടതാണ് ഞാൻ എന്ന് മനസ്സിലാക്കണം. ബാബ പറയുന്നു – കുട്ടികളേ ദേഹീ അഭിമാനീ ഭവ, അശരീരീ ഭവ. ഞാൻ ആത്മാക്കളെ പഠിപ്പിക്കുന്നു. ആത്മാക്കളുടേയും, പരമാത്മാവിന്റേയും മേളയാണിത്, ഇതിനെ സംഗമത്തിലെ മേളയെന്ന് പറയുന്നു. ബാക്കി ഗംഗാ ജലം പാവനമാക്കുന്നതേയില്ല. സാധു, സന്യാസിമാർ, ഋഷി, മുനിമാർ എല്ലാവരും ഗംഗയിൽ സ്നാനം ചെയ്യുന്നു. എങ്കിൽ ഗംഗ എങ്ങനെ പതീത– പാവനിയാകും? കാമവികാരം മഹാശത്രുവാണ് എന്നത് ഭഗവാന്റെ വാക്കുകളല്ലേ. ഇതിന്റെ മേൽ വിജയം നേടുന്നതിലൂടെ നിങ്ങൾ ജഗത്ജീത്താകും. ഗംഗയ്ക്ക് അഥവാ സാഗരത്തിന് ഇങ്ങനെ പറയുവാൻ കഴിയില്ല. ഇത് ജ്ഞാനസാഗരനായ ബാബയാണ് മനസ്സിലാക്കിത്തരുന്നത്, ഇതിന്റെ മേൽ വിജയം നേടുന്നതിന് നിങ്ങൾ ബാബയെ മാത്രം ഓർമ്മിക്കൂ അപ്പോൾ നിങ്ങൾ പാവനമാകും. ദൈവീകഗുണം ധാരണ ചെയ്യൂ, ആർക്കും ദു:ഖം കൊടുക്കരുത്. ആദ്യ നമ്പറിലുള്ള ദുഖമാണ് കാമവികാരത്തിന്റെ പ്രയോഗം. ഇത് ആദി– മദ്ധ്യ– അന്ത്യം ദുഃഖം നൽകുന്നതാണ്. സത്യയുഗത്തിൽ ഇത് ഉണ്ടായിരിക്കില്ല. അത് പാവന ലോകമാണ്, അവിടെ പതീതരായി ഒരാളും ഇല്ല. എങ്ങനെ നിങ്ങൾ യോഗബലത്തിലൂടെ രാജ്യം നേടുന്നുവോ, അതുപോലെ അവിടെ യോഗബലത്തിലൂടെ കുട്ടികൾ ജന്മം എടുക്കുന്നു. രാവണ രാജ്യമേ ഇല്ല. ലോകർ രാവണന്റെ കോലം കത്തിക്കുന്നു, പക്ഷേ എപ്പോൾ മുതൽ കത്തിച്ചു വരുന്നു ഇതറിയില്ല. രാമരാജ്യത്തിൽ രാവണൻ ഇല്ല. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്, ഇത് ബാബ മനസ്സിലാക്കിത്തരുന്നു. ഒരുപാട് മനസ്സിലാക്കിത്തരുന്നു, പക്ഷേ കല്പ –കല്പം ആര് എത്ര പഠിച്ചുവോ അത്രതന്നെ ഇപ്പോഴും പഠിക്കും. പുരുഷാർത്ഥത്തിലൂടെ എല്ലാം അറിയുവാൻ കഴിയും. സ്ഥൂല സേവനവും ഒരു വിഷയമാണ്, മനസ്സാ ചെയ്യുവാൻ പറ്റുന്നില്ലായെങ്കിൽ വാചാ, കർമ്മണാ ചെയ്യൂ. വാചാ വളരെ സഹജമാണ്. ആദ്യം മനസ്സാ അർത്ഥം മന്മനാഭവ. ഓർമ്മയുടെ യാത്രയിൽ ഇരിക്കണം. സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ബാബയിൽ നിന്നും ശിക്ഷണം എടുക്കണം. ഒരുപാട് പേർ ബാബയെ ഓർമ്മിക്കുന്നതേയില്ല. ജ്ഞാനത്തെ ഓർമ്മിക്കുവാൻ കഴിയുന്നില്ല എന്ന് ഒരിയ്ക്കലും പറയില്ല. ഒരേയൊരു ബാബയെ ഓർമ്മിക്കുവാനേ കഴിയുന്നില്ല. ഓർമ്മിക്കുന്നില്ലായെങ്കിൽ ശക്തി എങ്ങനെ ലഭിക്കും? ബാബ സർവ്വശക്തിവാനാണ്, ആ ബാബയെ ഓർമ്മിക്കുന്നതിലൂടെ ശക്തി ലഭിക്കും, ഇതിനെയാണ് ഓർമ്മയുടെ തീവ്രതയെന്ന് പറയുന്നത്. കർമ്മണാ നല്ലത് ചെയ്യുന്നുവെങ്കിൽ പോലും നല്ല പദവി ലഭിക്കും. കർമ്മണാ പോലും ചെയ്യുന്നില്ലായെങ്കിൽ പിന്നെ എന്തു പദവി ലഭിക്കും? വിഷയങ്ങൾ ഉണ്ടല്ലോ. ഇത് ഗുപ്തമായി മനസ്സിലാക്കേണ്ട കാര്യമാണ്. ഈ ലോകത്തുള്ളവർ യോഗം യോഗം എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു പക്ഷേ യോഗത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ ചക്രവർത്തി പദം എടുക്കുന്നു എന്ന് അവർ മനസ്സിലാക്കുന്നതേയില്ല. യോഗബലത്തിലൂടെയാണ് അവിടെ കുട്ടികൾ പോലും ജന്മം എടുക്കുന്നത്. ഇതുപോലും ആർക്കും അറിയില്ല. നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നു എന്നിട്ടും അരകല്പത്തിനു ശേഷം നിങ്ങൾ മായയുടെ ശിഷ്യനാകുന്നു. എന്നിട്ടും മായ ഇപ്പോഴും നിങ്ങളെ വിടുന്നതേയില്ല. ഇപ്പോൾ നിങ്ങൾക്ക് ശിവബാബയുടെ കുട്ടിയാകണം. ഒരു ദേഹധാരിയുടേയും ശിഷ്യനാകരുത്. പവിത്രമാകുന്നതിനു വേണ്ടി ഇപ്പോൾ സഹോദരീ– സഹോദരനെന്ന് പറയുന്നു. ഇനി ഇതിനേക്കാൾ മുകളിലേയ്ക്ക് പോകണം. സഹോദരങ്ങളാണ് എന്ന് മനസ്സിലാക്കണം. സഹോദരീ – സഹോദര ദൃഷ്ടിപോലും അല്ല. ഡ്രാമയനുസരിച്ച് ഏതൊന്നാണോ സംഭവിക്കുന്നത്, അത് തികച്ചും ശരിയാണ്. ഡ്രാമ വളരെ കൃത്യമാണ്. ശിവബാബ നിശ്ചിന്തനാണ്, ബ്രഹ്മാബാബയ്ക്ക് തീർച്ചയായും ചിന്ത ഉണ്ടായിരിക്കും. കർമ്മാതീത അവസ്ഥയാകുമ്പോൾ നിശ്ചിന്തമാകും. അതുവരെ എന്തെങ്കിലും ചിന്ത ഉണ്ടായിരിക്കും. നല്ല യോഗം വേണം. യോഗത്തിനു വേണ്ടി ബാബ ഇപ്പോൾ ശക്തി നൽകുന്നു. യോഗത്തെക്കുറിച്ച് പറയുന്നു ഇടയ്ക്ക് – ഇടയ്ക്ക് മറന്നു പോകുന്നു. ബാബയും പരാതി പറയുന്നു, അതായത് ആരാണോ നിങ്ങൾക്ക് ഇത്രയും ഖജനാവ് നൽകുന്നത് ആ ബാബയെ നിങ്ങൾ മറന്നു പോകുന്നു. ആരിലാണ് ജ്ഞാനമുള്ളത്, ആരിലാണ് ജ്ഞാനമില്ലാത്തത്, ഇത് ബാബ

അറിയുന്നുണ്ട്. ജ്ഞാനി ഒരിയ്ക്കലും ഒളിഞ്ഞിരിക്കില്ല. അവർ വളരെ പെട്ടെന്ന് സേവനത്തിന്റെ തെളിവ് കൊടുക്കും. അതിനാൽ ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം -

1. മായയുടെ ഇടിയിൽ പരാജയപ്പെടരുത്. പുരുഷാർത്ഥത്തിൽ തണുത്തുപോകരുത്. ധൈര്യം സംഭരിച്ച് സേവനം ചെയ്യണം.

2. ഈ ഡ്രാമ കൃത്യമായി ഉണ്ടാക്കപ്പെട്ടയാണ്, അതിനാൽ ഒരു കാര്യത്തിലും ചിന്തിക്കരുത്. കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കുന്നതിനായി ഒരു ബാബയെ ഓർമ്മിക്കണം, ഒരു ദേഹധാരിയുടേയും ശിഷ്യനാകരുത്.

## വരദാനം:- ശ്രീമത്തനുസരിച്ച് സേവനത്തിൽ സന്തുഷ്ടതയുടെ വിശേഷത അനുഭവം ചെയ്യുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ.

എന്ത് തന്നെ സേവനം ചെയ്യുകയാകട്ടെ, ഏതെങ്കിലും ജിജ്ഞാസുക്കൾ വന്നാലും ശരി വന്നില്ലെങ്കിലും ശരി, പക്ഷെ സ്വയം സ്വയത്തിൽ സന്തുഷ്ടരായിരിക്കൂ. നിശ്ചയം ചെയ്യൂ അതായത് ഞാൻ സന്തുഷ്ടനാണെങ്കിൽ സന്ദേശം കൊടുക്കുന്ന ജോലി തീർച്ചയായും പ്രയോജനം ചെയ്യും. ഇതിൽ ഉദാസീനരാകരുത്. സ്റ്റൂഡൻസ് വർദ്ധിച്ചില്ലെങ്കിൽ സാരമില്ല, താങ്കളുടെ കർമ്മക്കണക്കുകളിൽ സമ്പാദ്യമായിക്കഴിഞ്ഞു, ഒപ്പം അവർക്ക് സന്ദേശവും ലഭിച്ചു. അഥവാ സ്വയം സന്തുഷ്ടമാണെങ്കിൽ ചെലവാക്കിയത് സഫലമായി. ശ്രീമത്തനുസരിച്ച് കാര്യം ചെയ്തു, എങ്കിൽ ശ്രീമത്തിനെ മാനിക്കുക, ഇതിലൂടെയും സഫലതാ മൂർത്തിയാകും.

## സ്ലോഗൻ:- ദുർബ്ബലരായ ആത്മാക്കൾക്ക് ശക്തി കൊടുക്കൂ എങ്കിൽ അവരുടെ ആശീർവാദങ്ങൾ ലഭിക്കും.